# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 204/PR/PIC/PHQ/18 Date : 14.08.2018

**പ്രളയ ദുരന്തം നേരിട്ടവർക്കായി അവശ്യവസ്തുക്കൾ ശേഖരിച്ചു നല്കുന്നു.**

സംസ്ഥാനത്ത് കാലവർഷ കെടുതി നേരിടുന്നവർക്കായി സാമ്പത്തിക സഹായത്തിനു പുറമെ അവശ്യവസ്തുക്കളും പോലീസ് സേനാംഗങ്ങളും വകുപ്പു ജീവനക്കാരും സംഭാവന നൽകും. ദുരിതാശ്വാസ ക്യാമ്പുകളിലേക്കായി സേനയിലെ എക്സിക്യൂട്ടീവ്, ടെക്നിക്കൽ, മിനിസ്റ്റീരിയൽ തുടങ്ങി എല്ലാ വിഭാഗവും നല്കുന്ന അവശ്യ വസ്തുക്കൾ എത്രയുംവേഗം തൊട്ടടുത്ത ദുരിതാശ്വാസ ക്യാമ്പിലോ ദുരിതാശ്വാസ പ്രവർത്തകരെയോ നേരിട്ടോ പോലീസ് ആസ്ഥാനം വഴിയോ യൂണിറ്റു മേധാവിമാർക്ക് എത്തിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദേശം നല്കി. അവശ്യവസ്തുക്കൾ, വസ്ത്രങ്ങൾ തുടങ്ങിയവ നല്കാൻ താത്പര്യമുള്ള പൊതുജനങ്ങൾക്കും പോലീസിന്റെ ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഉപോയഗശേഷമുള്ളവ സ്വീകരിക്കുകയില്ല. ഇതിൻെറ ഭാഗമായി പണം വും സ്വീകരിക്കുകയില്ല. നല്കാനുള്ള സാധനങ്ങൾ നന്നായി പായ്ക്ക് ചെയ്ത് ജില്ലാ പോലീസ് ആസ്ഥാനത്തോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ എല്പിക്കാവുന്നതാണ്.

ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി, തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി, മനോജ് എബ്രഹാം, ഹെഡ്ക്വാർട്ടേഴ്സ് എസ്.പി, പോലീസ് ഇൻഫർമേഷൻ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരടങ്ങിയ കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രാരംഭമായി സംസ്ഥാന പോലീസ് മേധാവി നല്കിയ അവശ്യവസ്തുക്കൾ ദുരിതാശ്വാസ കേന്ദ്രങ്ങളിലെത്തിക്കുന്നതിന് ഐജി മനോജ് എബ്രഹാമിനു കൈമാറി.